2024 JUNE 22 SATURDAY

# സൊസൈറ്റി ടുഡേ
SOCIETY TODAY

www.societytodaynews.com

E-mail: societytodaynews@gmail.com

വയബീൻ
വയനാടൻ ഉൽപ്പന്നങ്ങൾ
Home Delivery
9847 12 9091, 96455 97621

# ഇന്ത്യ മുന്നിൽ; ആണവായുധ ശേഖരത്തിന്റെ റിപ്പോർട്ട് പുറത്ത്



**ന്യൂഡൽഹി:** പാകിസ്ഥാനേക്കാൾ കൂടുതൽ ആണവായുധങ്ങൾ കൈവശം വയ്ക്കുന്ന രാജ്യമായി ഇന്ത്യ മാറിയെന്ന് റിപ്പോർട്ട്.

2023 ജനുവരി മുതൽ 2024 ജനുവരി വരെ ചൈന ആണവായുധ ശേഖരം 410ൽ നിന്ന് 500 ആയി വർദ്ധിപ്പിച്ചെന്നും സ്വീഡിഷ് തിങ്ക്ടാങ്ക് പുറത്തുവിട്ട റിപ്പോർട്ടിൽ പറയുന്നു. കഴിഞ്ഞ രണ്ട് വർഷത്തിനുള്ളിൽ ലോകം രണ്ട് യുദ്ധങ്ങൾക്ക് സാക്ഷ്യം വഹിച്ച സാഹചര്യത്തിൽ, സ്റ്റോക്ക്ഹോം ഇന്റർനാഷണൽ പീസ് റിസർച്ച് ഇൻസ്റ്റിറ്റിയൂട്ട് നടത്തിയ വിശകലനത്തിൽ ഇന്ത്യ, പാകിസ്ഥാൻ, ചൈന എന്നിവയുൾപ്പെടെ ഒമ്പത് ആണവായുധ രാജ്യങ്ങൾ തങ്ങളുടെ ആണവായുധങ്ങൾ നവീകരിക്കുന്നത് തുടരുന്നതായി കണ്ടെത്തി.യുഎസ്, റഷ്യ, യുകെ, ഫ്രാൻസ്, നോർത്ത് കൊറിയ, ഇസ്രയേൽ എന്നിവയാണ് റിപ്പോർട്ടിൽ പരാമർശിച്ചിട്ടുള്ള മറ്റ് രാജ്യങ്ങൾ. ആണവായുധങ്ങളുടെ 90 ശതമാനവും റഷ്യയും യുഎസും ചേർന്നാണ് കൈവശം വച്ചിരിക്കുന്നത്. കൂടാതെ നിരവധി രാജ്യങ്ങൾ 2023 ൽ പുതിയ ആണവ ശേഷിയുള്ള ആയുധ സംവിധാനങ്ങൾ വിന്യസിച്ചെന്നും റിപ്പോർട്ടിൽ പറയുന്നു. 2100ഓളം ആയുധശേഖരങ്ങൾ കൈവശം വച്ചിരിക്കുന്നത് യുഎസും റഷ്യയും ചേർന്നാണ്. ആധുനിക സംവിധാനമുള്ള ബാലിസ്റ്റിക് മിസൈലാണ് കൂടുതലുള്ളതെന്നും റിപ്പോർട്ടിൽ പറയുന്നു.റിപ്പോർട്ട് പ്രകാരം ഇന്ത്യയുടെ കൈവശം 172 ആയുധശേഖരമാണുള്ളത്. ഇവ പാകിസ്ഥാനേക്കാൾ രണ്ടെണ്ണം കൂടുതലാണ്. 2023ൽ ആണ് ഇന്ത്യ ആണവായുധ ശേഖരത്തിൽ വർദ്ധനവുണ്ടായിക്കിയത്. ഇരു രാജ്യങ്ങളും 2023ൽ കൂടുതൽ ന്യൂക്ലിയർ ആയുധനങ്ങൾ വികസിപ്പിക്കാൻ ശ്രമിച്ചിട്ടുണ്ടെന്നും റിപ്പോർട്ടിൽ വ്യക്തമാക്കുന്നു. ബാലിസ്റ്റിക് മിസൈലുകളിൽ ഒന്നിലധികം പോർമുനകൾ വിന്യസിക്കാൻ ഇന്ത്യയും പാകിസ്ഥാനും ഉത്തരകൊറിയയും റഷ്യയുടെയും യുഎസിന്റെയും പാത പിന്തുടരുകയാണെന്നും സ്വീഡിഷ് തിങ്ക്ടാങ്ക് റിപ്പോർട്ടിൽ പറയുന്നു.



## മിറാഷ് യുദ്ധവിമാനങ്ങൾ വാങ്ങാൻ ഇന്ത്യ

**ന്യൂഡൽഹി:** പന്ത്രണ്ട് മിറാഷ് 2000, 5 യുദ്ധവിമാനങ്ങൾ വാങ്ങുന്നതുമായി ബന്ധപ്പെട്ട് ഇന്ത്യയും ഖത്തറും ചർച്ച നടത്തിയതായി റിപ്പോർട്ട്. ഡൽഹിയിൽ ഇതു സംബന്ധിച്ച ചർച്ചകൾ നടന്നതായി വാർത്താ ഏജൻസികൾ റിപ്പോർട്ട് ചെയ്തു. ഖത്തർ ഉപയോഗിക്കുന്ന വിമാനങ്ങളുടെ നിലവിലെ അവസ്ഥയെക്കുറിച്ചുള്ള പ്രസന്റേഷൻ യോഗത്തിൽ അവതരിപ്പിച്ചു.

വിമാനങ്ങൾ മികച്ച സ്ഥിതിയിലാണെന്നും ഏറെക്കാലം ഉപയോഗിക്കാനാകുമെന്നും ഖത്തർ അധികൃതർ വിശദീകരിച്ചു. ഖത്തറിന്റെ നിർദേശം പരിശോധിക്കുകയാണെന്ന് പ്രതിരോധ വകുപ്പ് അധികൃതർ വ്യക്തമാക്കി.

ഖത്തറിന്റെ കൈവശമുള്ള മിറാഷ് ശ്രേണിയേക്കാൾ മികച്ചതാണ് ഇന്ത്യയുടെ കൈവശമുള്ള മിറാഷ് വിമാനങ്ങൾ. 2 വിമാനങ്ങളുടെയും എൻജിൻ സമാനമാണ്. ഇന്ത്യ വിമാനങ്ങൾ വാങ്ങാൻ തീരുമാനിച്ചാൽ സേവനങ്ങളും അറ്റകുറ്റപ്പണിയും അനായാസമാകുമെന്നും അധികൃതർ പ്രതീക്ഷിക്കുന്നു. 12 വിമാനങ്ങൾക്ക് 5000 കോടിരൂപയാണ് ഖത്തർ ആവശ്യപ്പെടുന്നത്.

അതേസമയം, ഖത്തറിന്റെ വിമാനങ്ങൾക്കൊപ്പം മിസൈലുകളും എൻജിനുകളും വാഗ്ദാനം ചെയ്തിട്ടുണ്ട്. കരാർ ഉറപ്പിച്ചാൽ ഇന്ത്യയുടെ പക്കലുള്ള മിറാഷുകളുടെ എണ്ണം 60 ആകും.

## ചൈനാ സന്ദർശനത്തിനു മുൻപായി ഷെയ്ഖ് ഹസീന ഇന്ത്യയിൽ

**ന്യൂഡൽഹി:** ബംഗ്ലദേശ് പ്രധാനമന്ത്രി ഷെയ്ഖ് ഹസീന രണ്ടു ദിവസത്തെ സന്ദർശനത്തിനായി ഇന്ത്യയിലെത്തി. നരേന്ദ്ര മോദി സർക്കാർ മൂന്നാമത് അധികാരത്തിലെത്തിയശേഷം ആദ്യമായി ഔദ്യോഗിക സന്ദർശനത്തിനെത്തുന്ന പ്രധാനമന്ത്രിയാണ് ഷെയ്ഖ് ഹസീന. പ്രധാനമന്ത്രിയുടെ പ്രത്യേക ക്ഷണപ്രകാരമാണ് സന്ദർശനം.

വെള്ളിയാഴ്ച ന്യൂഡൽഹിയിലെത്തിയ ഷെയ്ഖ് ഹസീനയെ വിദേശകാര്യ സഹമന്ത്രി കീർത്തിവർധൻ സിങ്ങിന്റെ നേതൃത്വത്തിൽ സ്വീകരിച്ചു. ദ്വിദിന സന്ദർശനത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി, രാഷ്ട്രപതി ദ്രൗപദി മുർമു, വൈസ് പ്രസിഡന്റ് ജഗ്ദീപ് ധൻകർ, വിദേശകാര്യമന്ത്രി എസ്.ജയശങ്കർ എന്നിവരുമായി ഷെയ്ഖ് ഹസീന കൂടിക്കാഴ്ച നടത്തും.

പ്രധാനമന്ത്രിയുമായി ശനിയാഴ്ച ഹൈദരാബാദ് ഹൗസിലാണ് കൂടിക്കാഴ്ച. സന്ദർശനത്തിൽ ഇരുരാജ്യങ്ങളും വിവിധ കരാറുകളിലും ധാരണപത്രങ്ങളിലും ഒപ്പുവയ്ക്കുമെന്നാണ് സൂചന.

ജൂലൈയിൽ ചൈന സന്ദർശിക്കാനിരിക്കെയാണ് ഹസീന ഇന്ത്യയിലെത്തുന്നത്. പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ സത്യപ്രതിജ്ഞാ ചടങ്ങിലും ഷെയ്ഖ് ഹസീന പങ്കെടുത്തിരുന്നു. അന്നത്തെ കൂടിക്കാഴ്ചയിൽ ധാക്ക സന്ദർശിക്കാനായി ഷെയ്ഖ് ഹസീന പ്രധാനമന്ത്രിയെ ക്ഷണിച്ചിരുന്നു. ഷെയ്ഖ് ഹസീനയുടെ സന്ദർശനം ഇന്ത്യബംഗ്ലദേശ് ബന്ധത്തിൽ വലിയ ശക്തി പകരുമെന്ന് വിദേശകാര്യ മന്ത്രാലയ വക്താവ് രൺധീർ ജയ്സ്വാൾ പറഞ്ഞു.



## സംസ്ഥാനത്ത് ഇന്ന് മഴ കനക്കും; ആറ് ജില്ലക്കാർക്ക് പ്രത്യേക ജാഗ്രതാ നിർദ്ദേശം

**തിരുവനന്തപുരം:** സംസ്ഥാനത്ത് ഇന്ന് അതിശക്തമായ മഴയ്ക്ക് സാദ്ധ്യതയെന്ന് കാലാവസ്ഥ വകുപ്പ്. ഇടുക്കി, വയനാട്, മലപ്പുറം, കോഴിക്കോട്, കാസർകോട്, കണ്ണൂർ എന്നീ ജില്ലകളിൽ ഓറഞ്ച് അലർട്ട് പ്രഖ്യാപിച്ചിട്ടുണ്ട്. സംസ്ഥാനത്തിന്റെ പടിഞ്ഞാറൻ മേഖലകളിലാണ് ശക്തമായ മഴയ്ക്ക് സാദ്ധ്യത.നാളെ എല്ലാ ജില്ലകളിലും മഴ മുന്നറിയിപ്പുണ്ട്.

കോഴിക്കോട് കണ്ണൂർ ജില്ലകളിൽ നാളെ റെഡ് അലർട്ടാണ്. കേരള തീരത്ത് ഉയർന്ന തിരമാലയ്ക്ക് സാദ്ധ്യതയുള്ളതിനാൽ മത്സ്യബന്ധനത്തിന് വിലക്കേർപ്പെടുത്തിയിട്ടുണ്ട്.അതേസമയം, അടുത്ത 3 മണിക്കൂറിൽ കേരളത്തിലെ ഇടുക്കി, എറണാകുളം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ഒറ്റപ്പെട്ടയിടങ്ങളിൽ ഇടിമിന്നലോട് കൂടിയ മഴയ്ക്കും മണിക്കൂറിൽ 40 കിലോമീറ്റർ വരെ വേഗതയിൽ വീശിയേക്കാവുന്ന ശക്തമായ കാറ്റിനും മറ്റു ജില്ലകളിൽ ഒറ്റപ്പെട്ടയിടങ്ങളിൽ നേരിയതോ മിതമായതോ ആയ മഴയ്ക്കും സാദ്ധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ് അറിയിച്ചു.

## ഹജ്ജ് തീർത്ഥാടനത്തിനിടെ മരിച്ചത് 90 ഇന്ത്യക്കാർ, മരണനിരക്ക് 600 കടന്നു

**മെക്ക:** ഹജ്ജ് തീർത്ഥാടനത്തിനിടെ 90 ഇന്ത്യൻ പൗരന്മാർ മരണപ്പെട്ടതായി റിപ്പോർട്ട്. ഏഴ് ഇന്ത്യക്കാരെ കാണാതായി. തീർത്ഥാടനത്തിനിടെ മരിച്ച മൊത്തം ആളുകളുടെ എണ്ണം 645 ആയി ഉയർന്നുവെന്ന് വിവിധ വാർത്താ ഏജൻസികൾ അറിയിച്ചു.പ്രായാധിക്യമുള്ള നിരവധി തീർത്ഥാടകർ എത്തിയിരുന്നെന്നും ചിലർ സ്വാഭാവിക കാരണങ്ങളാൽ മരണപ്പെട്ടതാണെന്നും മറ്റുചിലർ അതികഠിനമായ ചൂടിൽ കുഴഞ്ഞുവീണ് മരിച്ചതാണെന്നും അധികൃതർ പറയുന്നു. ഏകദേശം 1.8 ദശലക്ഷം തീർത്ഥാടകരാണ് ഇത്തവണ ഹജ്ജ് തീർത്ഥാടനത്തിനായി മക്കയിലെത്തിയത്.

എക്കാലത്തെയും കഠിനമായ ചൂടാണ് മക്കയിൽ ഇത്തവണ അനുഭവപ്പെടുന്നത്. ചൂട് 50 ഡിഗ്രി സെൽഷ്യസ് കടന്നു. ഓരോ ദശാബ്ദത്തിലും 0.4 ഡിഗ്രി സെൽഷ്യസ് വീതം പ്രദേശത്ത് ചൂട് ഉയരുന്നതായി സൗദി ഗവേഷകർ നടത്തിയ പഠനത്തിൽ ചൂണ്ടിക്കാട്ടുന്നു.കഴിഞ്ഞവർഷം 48 ഡിഗ്രി സെൽഷ്യസ് ആണ് തീർത്ഥാടന കാലത്ത് രേഖപ്പെടുത്തിയത്. കഴിഞ്ഞവർഷം കനത്ത ചൂടിൽ 200 തീർത്ഥാടകരാണ് കുഴഞ്ഞുവീണ് മരിച്ചത്. പകൽ സമയത്ത് പുറത്തിറങ്ങുന്നവർ കുടകൾ ഉപയോഗിക്കണമെന്നും ആവശ്യത്തിന് വെള്ളം കുടിക്കണമെന്നും സൂര്യപ്രകാശം ഏൽക്കാതിരിക്കാൻ ശ്രദ്ധിക്കണമെന്നും തീർത്ഥാടകർക്ക് സൗദി നിർദേശം നൽകിയിരുന്നു.

സൊസൈറ്റി ടുഡേ
SOCIETY TODAY

# പിരാമൽ ഫിനാൻസിന്റെ ചെറുകിട വായ്പകൾ 50,000 കോടി കടന്നു

**കൊച്ചി:** പിരാമൽ ഫിനാൻസിൻറെ ചെറുകിട വായ്പകൾ 50,000 കോടി രൂപ കടന്നു. 2022 മാർച്ചിനു ശേഷം ഈ രംഗത്ത് 132 ശതമാനം വർധനവാണ് നേടാനായിട്ടുള്ളത്. കൈകാര്യം ചെയ്യുന്ന ആകെ വായ്പകളുടെ 68 ശതമാനം ഭവന വായ്പകളാണെന്നും കണക്കുകൾ സൂചിപ്പിക്കുന്നു. 2022 മാർച്ചിൽ 1.7 ദശലക്ഷം ഉപഭോക്താക്കൾ ഉണ്ടായിരുന്ന സ്ഥാനത്ത് 2024 മാർച്ചിൽ 4.1 ദശലക്ഷം ഉപഭോക്താക്കളാണ് സ്ഥാപനത്തിനുള്ളത്. പിരാമൽ എന്റർപ്രൈസസിന്റെ പൂർണ ഉടമസ്ഥതയിലുള്ള സബ്സിഡിയറിയാണ് പിരാമൽ ഫിനാൻസ് എന്ന് അറിയപ്പെടുന്ന പിരാമൽ ക്യാപ്പിറ്റൽ ആൻറ് ഹൗസിങ് ഫിനാൻസ്. 26 സംസ്ഥാനങ്ങളിലും കേന്ദ്രഭരണ പ്രദേശങ്ങളിലുമായി 490 ശാഖകളും 13,000 ജീവനക്കാരുമാണ് കമ്പനിക്കുള്ളത്.രാജ്യവ്യാപകമായുള്ള ചെറുകിട സംരംഭങ്ങളിലും ചെറിയ ശമ്പളമുള്ള വ്യക്തികളിലും ശ്രദ്ധ കേന്ദ്രീകരിച്ചുള്ള തങ്ങളുടെ ബിസിനസ് രീതി തുടരുമെന്ന് പിരാമൽ ക്യാപ്പിറ്റൽ ആൻറ് ഹൗസിങ് ഫിനാൻസ് മാനേജിങ് ഡയറക്ടർ ജെയ്റാം ശ്രീധരൻ പറഞ്ഞു. 2021ൽ ഡിഎച്ച്എഫ്എല്ലിനെ ഏറ്റെടുത്ത ശേഷം ചെറുകിട പട്ടണങ്ങളിൽ ഉപഭോക്തൃ നിര വിപുലീകരിക്കുന്നതായിരുന്നു തങ്ങളുടെ ലക്ഷ്യമെന്നും അദ്ദേഹം പറഞ്ഞു.

# പുതുമകളുമായി സ്കോഡ കുഷാക്കും സ്ലാവിയയും

**കോട്ടയം:** ഉപഭോക്താക്കളെ ആകർഷിക്കുന്നതിനായി സ്കോഡ ഓട്ടോ ഇന്ത്യ കുഷാക്ക്, സ്ലാവിയ മോഡലുകൾക്ക് ആകർഷകമായ വിലയും ആനുകൂല്യങ്ങളും പ്രഖ്യാപിച്ചു. ഫൈവ് സ്റ്റാർ റേറ്റിങ്ങുള്ള ഈ മോഡലുകൾക്ക് 10.69 ലക്ഷം രൂപയാണ് പ്രാരംഭ വില.കുഷാക്കിന്റേയും സ്ലാവിയയുടേയും ആക്ടീവ്, അംബീഷൻ, സ്റ്റൈൽ എന്നീ വകഭേദങ്ങൾ ഇനി മുതൽ ക്ലാസ്, സിഗ്നേച്ചർ, പ്രസ്റ്റീജ് എന്നിങ്ങനെ അറിയപ്പെടും. ഈ മൂന്ന് വേരിയന്റുകൾക്കൊപ്പം കുഷാക്കിൽ കൂടുതൽ ഫീച്ചറുകളുള്ള ഓനിക്സ്, പ്രീമിയം വിഭാഗത്തിൽ മൊണ്ടെ കാർലോ എന്നീ വേരിയന്റുകളിലും ലഭിക്കും. പുതിയ വില കുഷാക്കിന്റെ എല്ലാ എഞ്ചിൻ, ട്രാൻസ്മിഷൻ ഒപ്ഷനുകൾക്കും സ്ലാവിയയുടെ തിരഞ്ഞെടുത്ത വേരിയന്റുകൾക്കും ബാധകമാണ്. ഇരു വാഹനങ്ങളിലും സിക്സ് സ്പീഡ്, 1.0 ടിഎസ്ഐ പെട്രോൾ മാനുൽ, ഓട്ടോമാറ്റിക് എഞ്ചിനും 1.5 ടിഎസ്ഐ പെട്രോൾ സിക്സ് സ്പീഡ് മാനുലും സെവൻ സ്പീഡ് ഡിഎസ്ജി എഞ്ചിനുകളുമാണ് വരുന്നത്. ഈ ശ്രേണിയിലെ എല്ലാ വേരിയന്റുകൾക്കും ആറ് എയർബാഗുകളുടെ സുരക്ഷയും ഗ്ലോബൽ എൻകാപ് ടെസ്റ്റുകളിൽ ഫൈവ് സ്റ്റാർ റേറ്റിങ്ങുമുണ്ട്. ഉൽപ്പന്നത്തിലും അനുബന്ധ പ്രവർത്തനങ്ങളിലും കൂടുതൽ മെച്ചപ്പെട്ടത് നൽകാനാണ് തങ്ങൾ നോക്കുന്നതെന്ന് സ്കോഡ ഓട്ടോ ഇന്ത്യ ബ്രാൻഡ് ഡയറക്ടർ പെറ്റർ ജനെബ പറഞ്ഞു.

# ലഹരിക്കെതിരെ ക്രിക്കറ്റ് ടൂർണമെന്റുമായി റൂറൽ പോലിസ്

**കൊച്ചി:** ലഹരിക്കെതിരെ ക്രിക്കറ്റ് കാർണിവെലുമായി എറണാകുളം റൂറൽ ജില്ലാ പോലീസ്. ഡി ഐ ജി കപ്പിന് വേണ്ടിയുള്ള മത്സരത്തിൽ നാൽപ്പതോളം ടീമുകളാണ് പങ്കെടുക്കുന്നത്. അഞ്ച് സബ് ഡിവിഷനുകളിലായാണ് മത്സരം. മുപ്പത്തിനാല് പോലീസ് സ്റ്റേഷനുകളിൽ നിന്ന് ഓരോ ടീമും, ഡി പി ഒ, ക്യാമ്പ് ടീമുകളും, ആലുവ മീഡിയ ക്ലബ്ബ്, മർച്ചന്റ്സ്, നഗരസഭ, ഐ.എം.എ , ആദി ശങ്കര എഞ്ചിനീയറിംഗ് കോളേജ്, മറ്റ് സന്നദ്ധ സംഘടകൾ എന്നിവർ ഉൾപ്പെടുന്ന ടീമുകളും മാറ്റുരയ്ക്കും. വിദ്യാർത്ഥികൾ, സന്നദ്ധ സംഘടനാ പ്രവർത്തകർ , പൊതുപ്രവർത്തകർ , പോലീസ് ഉദ്യോഗസ്ഥർ എന്നിവർ ഉൾപ്പെടുന്നതാണ് ഓരോ പോലീസ് സ്റ്റേഷനിലെയും ടീമുകളെന്ന് ജില്ലാ പോലീസ് മേധാവി വൈഭവ് സക്സേന പറഞ്ഞു. സബ് ഡിവിഷൻ തലത്തിൽ പ്രാഥമിക മത്സരം നടത്തും. അതിലെ ജേതാക്കൾക്ക് ട്രോഫികൾ വിതരണം ചെയ്യും. സബ് ഡിവിഷനിൽ ഫൈനലിൽ എത്തുന്ന രണ്ട് ടീമുകളെ ഉൾപ്പെടുത്തി മെഗാ ടൂർണ്ണമെന്റ് ലഹരി വിരുദ്ധ ദിനമായ ജൂലൈ 26 ന് ആലുവയിൽ നടത്തും. ഫൈനൽ ജേതാക്കൾക്ക് 'ഡി ഐ ജി കപ്പ് ' സമ്മാനിയ്ക്കും. ആദ്യ സബ് ഡിവിഷൻ മത്സരത്തിന് വ്യാഴാഴ്ച ആലുവയിൽ തുടക്കമായി.

## വിരാജ് അയൺ ആൻഡ് സ്റ്റീൽ ഐപിഒ ജൂൺ 26 മുതൽ

**കൊച്ചി:** വിരാജ് അയൺ ആൻഡ് സ്റ്റീൽ ലിമിറ്റഡിന്റെ പ്രാഥമിക ഓഹരി വിൽപന (ഐപിഒ) ജൂൺ 26 മുതൽ 28 വരെ നടക്കും. 171 കോടി രൂപയുടെ പുതിയ ഇക്വിറ്റി ഓഹരികളാണ് ഐപിഒയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. പത്ത് രൂപ മുഖവിലയുള്ള ഓഹരി ഒന്നിന് 195 രൂപ മുതൽ 207 രൂപ വരെയാണ് പ്രൈസ് ബാൻഡ് നിശ്ചയിച്ചിരിക്കുന്നത്. കുറഞ്ഞത് 72 ഇക്വിറ്റി ഓഹരികൾക്കും തുർന്ന് 72 ന്റെ ?ഗുണിതങ്ങൾക്കും അപേക്ഷിക്കാം. ഓഹരികൾ എൻഎസ്ഇയിലും ബിഎസ്ഇയിലും ലിസ്റ്റ് ചെയ്യും. ആര്യമാൻ ഫിനാൻഷ്യൽ സർവീസസ് ലിമിറ്റഡാണ് ഐപിഒയുടെ ബുക്ക് റണ്ണിങ് ലീഡ് മാനേജർ.



# ഇൻഫോപാർക്ക്: മൂന്നാം ടവറിന് കരാറൊപ്പിട്ടു

**കൊച്ചി:** ഇൻഫോപാർക്ക് കൊച്ചി ഫേസ് ഒന്നിലെ ബ്രിഗേഡ് ഗ്രൂപ്പിന്റെ വേൾഡ് ട്രേഡ് സെന്റർ മൂന്നാം കെട്ടിടസമുച്ചയത്തിനായി ഇൻഫോപാർക്കും ബ്രിഗേഡ് ഗ്രൂപ്പും കരാറിൽ ഒപ്പിട്ടു. തിരുവനന്തപുരത്ത് മുഖ്യമന്ത്രി പിണറായി വിജയന്റെ സാന്നിദ്ധ്യത്തി നടന്ന ചടങ്ങിൽ മന്ത്രി പി രാജീവ്, ചീഫ് സെക്രട്ടറി ഡോ. വേണു വി, ഐ ടി സെക്രട്ടറി ഡോ. രത്തൻ യു കേക്കർ, ഇൻഫോപാർക്ക് സിഇഒ സുശാന്ത് കുറുന്തി , ബ്രിഗേഡ് ഗ്രൂപ്പ് എക്സിക്യൂട്ടീവ് ചെയർമാൻ എം ആർ ജയശങ്കർ, ജോയിൻറ് മാനേജ്മൻറ് ഡയറക്ടർ നിരുപ ശങ്കർ, ഇൻഫോപാർക്ക് ഉദ്യോഗസ്ഥർ എന്നിവർ പങ്കെടുത്തു.ബംഗളുരു ആസ്ഥാനമായ പ്രമുഖ കെട്ടിടനിർമ്മാതാക്കളായ ബ്രിഗേഡ് ഗ്രൂപ്പ് വേൾഡ് ട്രേഡ് സെൻററുമായി സഹകരിച്ചാണ് മൂന്നാമത്തെ ടവർ പണിയുന്നത്. 1.55 ഏക്കർ സ്ഥലത്ത് 2.6 ലക്ഷം ചതുരശ്രയടി ബി ട്ട് അപ് സ്ഥലം പുതിയ ഓഫീസുകൾക്കായി ലഭിക്കും. ഇതിലൂടെ 2700 തൊഴിലവസരങ്ങളാണ് സൃഷ്ടിക്കപ്പെടുന്നത്. ആറ് നിലകളിലെ കാർ പാർക്കിംഗ് അടക്കം പതിനാറ് നിലകളായാണ് മൂന്നാമത്തെ ടവർ വരുന്നത്. മൂന്നു വർഷം കൊണ്ട് കെട്ടിടത്തിൻറെ നിർമ്മാണം പൂർത്തീകരിക്കും. സെസ് ഇതര സ്ഥലത്താണ് കെട്ടിടം വരുന്നത്. 150 കോടി രൂപ നിക്ഷേപമാണ് ഇതിലൂടെ നടക്കുന്നത്.ഇൻഫോപാർക്കിൽ 2016 ന് ശേഷം 583 പുതിയ കമ്പനികൾ സ്ഥാപിക്കുകയും ഇതുവരെ എഴുപത്തിനായിരത്തി പ്പരം തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ടെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. വേൾഡ് ട്രേഡ് സെൻററിൻറെ മൂന്നാം ടവർ വരുന്നത് ഇൻഫോപാർക്കിലെ വികസനത്തിനു മാത്രമല്ല ഐ ടി രംഗത്ത് കേരളത്തിൻറെ കുതിപ്പിനു വേഗം കൂട്ടുമെന്നും മുഖ്യമന്ത്രി കൂട്ടിച്ചേർത്തു. സിഇഒ സുശാന്ത് കുറുന്തി, ബ്രിഗേഡ് ഗ്രൂപ്പ് എക്സിക്യൂട്ടീവ് ചെയർമാൻ എം ആർ ജയശങ്കർ തുടങ്ങിയവർ സംസാരിച്ചു.




# അന്താരാഷ്ട്ര യോഗാ ദിനം: ദേശീയ സെമിനാർ സംഘടിപ്പിച്ചു

**കൊച്ചി :** അന്താരാഷ്ട്ര യോഗ ദിനത്തിന്റെ ഭാഗമായി കൊച്ചി നഗരസഭയും യോഗപൂർണ്ണിമ യോഗ റിസർച്ച് സെന്ററും ചേർന്ന് ദേശീയ യോഗ സെമിനാർ സംഘടിപ്പിച്ചു. എറണാകുളം ടൗൺ ഹാളിൽ നടന്ന സെമിനാർ ജിസിഡിഎ ചെയർമാൻ കെ ചന്ദ്രൻ പിള്ള ഉദ്ഘാടനം ചെയ്തു. നഗരസഭ ആരോഗ്യ കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ ടി.കെ അഷറഫ് അദ്ധ്യക്ഷത വഹിച്ചു. കെ.വി. തോമസ് മുഖ്യാതിഥി ആയിരുന്നു. സെമിനാറോടനുബന്ധിച്ചു നടന്ന യോഗ ആസന്നങ്ങളുടെ ഫോട്ടോ പ്രദർശനം ഡെപ്യൂട്ടി മേയർ കെ .എ .അൻസിയ ഉദ്ഘാടനം ചെയ്തു. സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻമാരായ വി. എ. ശ്രീജിത്ത്, പി .ആർ റെനീഷ്, ഷീബ ലാൽ, പ്രിയ പ്രശാന്ത്, കൗൺസിലർ ഹെൻറീ ഓസ്റ്റിൻ, കുടുംബശ്രീ സി.ഡി.എസ് ചെയർപേഴ്സൺ നബീസ ലത്തീഫ്, യോഗ അസോസിയേഷൻ സെക്രട്ടറി എൻ. എം. രാജേന്ദ്രൻ തുടങ്ങിയവർ സംസാരിച്ചു.

സെമിനാറിന്റെ ഭാഗമായി മാനസിക ശാരീരിക സഖ്യത്തിൽ യോഗയുടെ പ്രാധാന്യത്തെ സംബന്ധിച്ചു വിവിധ വിഷയങ്ങൾ കേന്ദ്രീകരിച്ചുള്ള വിഷയാവതരണങ്ങൾ നടന്നു. ഷൗക്കത്തു സഹജോത്സു, ദേശീയ യോഗ ചാമ്പ്യൻ വരുൺ, യോഗാചര്യ വി. എസ്. സുധീർ (രുദ്ര യോഗ ട്രെയിനിങ് സെന്റർ, പള്ളുരുത്തി ), ലോക സഞ്ചാരി അരുൺ തഥാഗത്, ശിൽപ ഫ്രാൻസിസ്, യു. കെ സുരേന്ദ്രൻ ( മോട്ടിവേഷൻ ട്രെയ്നർ ) തുടങ്ങിയവരുടെ വിഷയാവതരണങ്ങൾ ആണ് നടന്നു. ആർട്ട് ഓഫ് ലിവിങ്ങിന്റെ നേതൃത്വത്തിൽ നടന്ന മെഡിറ്റേഷനും സെന്റ് തെരേസാസ് കോളേജിലെ ഭരത നാട്യം വിദ്യാർത്ഥിനികൾ അവതരിപ്പിച്ച നൃത്ത സംഗീത ശിൽപവും ഏറെ ശ്രദ്ധേയമായി.വിവിധ യോഗ സ്ഥാപനങ്ങളിലെ പ്രതിനിധികൾ കുടുംബശ്രീ പ്രവർത്തകർ, വിദ്യാർത്ഥികൾ തുടങ്ങിയവർ സെമിനാറിൽ പങ്കെടുത്തു.

യോഗ സെന്റർ പള്ളുരുത്തി, അമൃത യോഗ സെന്റർ, ചേതന യോഗ എറണാകുളം, പതഞ്ജലി കോളേജ് ഓഫ് യോഗ, ആയുർ തീരം യോഗ & ആയുർവേദിക്ക് സെന്റർ, അമൃത ആശുപത്രി. തുടങ്ങിയവാരണ് സെമിനാറുമായി സഹകരിച്ച നഗരത്തിലെ വിവിധ യോഗ സ്ഥാപനങ്ങൾ. വിവിധ ക്ലബു കളുമായി സഹകരിച്ചു കൊണ്ടുള്ള മാനസികാരോഗ്യ പ്രവർത്തനങ്ങൾ ഹാപ്പിനെസ്സ് കൊച്ചി പദ്ധതിയുടെ ഭാഗമായി നഗരസഭ തുടർന്ന് നടപ്പിലാക്കുമെന്ന് അധികൃതർ അറിയിച്ചു.

സൊസൈറ്റി ടുഡേ
SOCIETY TODAY




# ഗൂഗിൾ ക്ലൗഡ് പാർട്ണർ ഓഫ് ദി ഇയർ പുരസ്ക്കാരം നേടി റിയഫൈ

**കൊച്ചി:** അമേരിക്കയിലെ, ലാസ്വേഗസ് സിറ്റിയിൽ നടന്ന ഗൂഗിൾ ക്ലൗഡ് നെക്സ്റ്റ് 24 ഇവൻറിൽ ഗൂഗിൾ പാർട്ണർ ഓഫ് ദി ഇയർ അവാർഡ് കെഎസ് യുഎം സ്റ്റാർട്ടപ്പായ റിയഫൈ ടെക്നോളജീസ് കരസ്ഥമാക്കി. ലാസ്വെഗാസിൽ നടന്ന ചടങ്ങിൽ റിയഫൈ ചീഫ് എക്സിക്യൂട്ടിവ് ഓഫീസർ ജോൺ മാത്യു അവാർഡ് ഏറ്റുവാങ്ങി. ഏഷ്യാ പസഫിക് മേഖലയിലെ ഡൈവേഴ്സിറ്റി, ഇക്വാളിറ്റി, ഇൻക്ലൂഷൻ(ഡിഇഐ) വിഭാഗത്തിലാണ് റിയഫൈ ടെക്നോളജീസ് 2024ലെ ഗൂഗിൾ ക്ലൗഡ് പാർട്ണർ ഓഫ് ദി ഇയർ അവാർഡ് നേടിയത്. വൈവിധ്യം, തുല്യത, എല്ലാവരെയും ഉൾപ്പെടുത്തൽ എന്നീ

മൂല്യങ്ങളിൽ അധിഷ്ഠിതമായ സാങ്കേതികവിദ്യയിൽ കാഴ്ചവച്ച പ്രവർത്തനങ്ങളെ വിലയിരുത്തിയാണ് ഗൂഗിൾ ക്ലൗഡ് അവാർഡ് ജൂറി റിയഫൈ ടെക്നോളജീസിനെ ജേതാക്കളായി പ്രഖ്യാപിച്ചത്. സാങ്കേതികവിദ്യ അടിസ്ഥാനമാക്കി എല്ലാവരെയും തുല്യമായി സേവിക്കുന്ന ഒരുലോകം കെട്ടിപ്പടുക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് അടിവരയിടുന്നതാണ് ഗൂഗിൾ ക്ലൗഡിൽ നിന്നുള്ള ഈഅംഗീകാരമെന്ന് ജോൺ മാത്യു പറഞ്ഞു. വൈവിധ്യം, തുല്യത, എല്ലാവരെയും ഉൾപ്പെടുത്തൽ എന്നീ മൂല്യങ്ങളിൽ ഉറച്ച് നിന്നുള്ള പ്രവർത്തനത്തിൽ അഭിമാനിക്കുന്നുവെന്നും അദ്ദേഹം പറഞ്ഞു.ഉപഭോക്താക്കൾക്കിടയിൽ പരിവർത്തിതമായ സ്വാധീനവും മൂല്യവും കൊണ്ടുവന്ന കമ്പനികൾ പ്രതീക്ഷ നൽകുന്നുവെന്ന് ഗൂഗിൾ ക്ലൗഡ് ഗ്ലോബൽ ഇക്കോസിസ്റ്റം ആൻഡ്ചാനൽസ് വൈസ് പ്രസിഡൻറ് കെവിൻ ഇച്ച്പുരാനി പറഞ്ഞു. ഇതിൽ റിയഫൈ നടത്തിയ പ്രവർത്തനങ്ങൾ അഭിമാനാർഹമാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.നിർമ്മിത ബുദ്ധി, മെഷീൻ ലേണിംഗ് തുടങ്ങിയ അത്യാധുനിക സാങ്കേതികവിദ്യഅടിസ്ഥാനമാക്കി പ്രവർത്തിക്കുന്ന സംരംഭമാണ് റിയഫൈ ടെക്നോളജീസ്. കൊച്ചിആസ്ഥാനമായി പ്രവർത്തിക്കുന്ന ഈ സംരംഭം, ഗൂഗിൾ, ആപ്പിൾ, സാംസങ്, സോണി, സീമെൻസ് തുടങ്ങിയ കമ്പനികളുമായി സഹകരിച്ച് പ്രവർത്തിക്കുന്നു. റിയഫൈയുടെ ആപ്പുകൾക്ക് ആഗോളതലത്തിൽ സ്വീകാര്യതയുണ്ട്. 160 രാജ്യങ്ങളിലായി 6 കോടിലേറെയൂസർമാരാണ് റിയഫൈ ആപ്പുകൾ ഉപയോഗിക്കുന്നത്. 23 ആഗോള ഭാഷകളിലുംഇത് ലഭ്യമാണ്. സുഹൃത്തുക്കളായ ആറ് എൻജിനീയർമാർ ചേർന്ന് 2013 ലാണ് റിയഫൈ ആരംഭിച്ചത്.

# നാച്ചുറൽസ് ഐസ്ക്രീം ഇപ്പോൾ തിരുവനന്തപുരത്തും

**തിരുവനന്തപുരം:** നാച്ചുറൽസ് ഐസ്ക്രീം ഇനി മുതൽ തിരുവനന്തപുരത്തും ലഭ്യമാണ്. പട്ടം കവടിയാർ റോഡിൽ കുറവൻകോണം ആദിത്യ ഏജൻസീസിലാണ് തിരുവനന്തപുരത്തു നാച്ചുറൽസ് ഐസ്ക്രീം തങ്ങളുടെ പുതിയ ഔട്ട്ലെറ്റ് തുടങ്ങിയിട്ടുള്ളത്. മുംബൈയിൽ നിന്ന് ഉത്ഭവിച്ച ഈ ലെഗസി ബ്രാൻഡിന്റെ തനതായ മൂന്ന്ചേരുവകൾ അടങ്ങിയ ലോകമെമ്പാടുമുള്ള എല്ലാ പ്രായത്തിലുമുള്ള ആളുകൾ ഇഷ്ടപ്പെടുന്ന ഐസ്ക്രീമുകൾ ആസ്വദിക്കാൻ അനുയോജ്യമായ ഷോപ്പ് സ്ഥാപിക്കുന്നതിലൂടെ ലോകമെമ്പാടുമുള്ള ഹൃദയങ്ങളെ കീഴടക്കിയ അതേ വിശിഷ്ടമായ രുചികൾ തദ്ദേശീയർക്കും ഇപ്പോൾ ആസ്വദിക്കാൻ അവസരം ലഭിക്കുന്നുവെന്ന് കമ്പനി അധികൃതർ അറിയിച്ചു. പുതിയ ഔട്ട്ലെറ്റിൽ മാമ്പഴം പോലെയുള്ള ഫ്രൂട്ടി ഡിലൈറ്റുകൾ മുതൽ ടെൻഡർ കോക്കനട്ട്, വറുത്ത ബദാം തുടങ്ങിയ ക്ലാസിക്കുകൾ വരെ, അല്ലെങ്കിൽ കോഫി വാൽനട്ട് പോലെയുള്ള ഇനങ്ങളും കേസർ പിസ്ത, അഞ്ജീർ, ചോക്കോ ബൈറ്റ് തുടങ്ങിയ നൂതനമായ ചേരുവകളും ഉൾപ്പടെ അസംഖ്യം ആനന്ദകരമായ രുചികൾ കൊണ്ട് സമ്പന്നമാണ്. കൂടാതെ ഡ്രൈവ്, സൊമാറ്റോ, സ്വിഗ്ഗി തുടങ്ങിയവ വഴി വീട്ടിലിരുന്നു ഓർഡർ ചെയ്യാവുന്നതുമാണ്.

# അലൈഡ് ബ്ലെൻഡേഴ്സ് ആന്റ് ഡിസ്റ്റിലേഴ്സ് ഐപിഒ ജൂൺ 25ന്

**കൊച്ചി:** അലൈഡ് ബ്ലെൻഡേഴ്സ് ആന്റ് ഡിസ്റ്റിലേഴ്സ് ലിമിറ്റഡിന്റെ പ്രഥമ ഓഹരി വിൽപ്പന (ഐപിഒ) ജൂൺ 25ന് ആരംഭിക്കും. 267281 രൂപയാണ് ഇക്വിറ്റി ഓഹരി വിലയായി നിശ്ചയിച്ചിരിക്കുന്നത്. രണ്ടു രൂപയാണ് മുഖവില. ചുരുങ്ങിയത് 53 ഓഹരികളോ ഇതിന്റെ മടങ്ങുകളോ ആയി വാങ്ങാം. ജൂൺ 27ന് വിൽപ്പന അവസാനിക്കും. പുതിയ ഓഹരികളുടെ വിൽപ്പനയിലൂടെ 1000 കോടി രൂപ വരെ സമാഹരിക്കുകയാണ് ലക്ഷ്യം. കൂടാതെ കമ്പനിയുടെ പ്രൊമോട്ടർമാരുടെ കൈവശമുള്ള 500 കോടി രൂപയുടെ ഓഹരികളും വിറ്റൊഴിയും.

ഇന്ത്യൻ നിർമിത വിദേശമദ്യ വിൽപ്പനയിൽ 2014 മുതൽ 2022 വരെ രാജ്യത്ത് മൂന്നാം സ്ഥാനത്തായിരുന്നു മുംബൈ ആസ്ഥാനമായുള്ള അലൈഡ് ബ്ലെൻഡേഴ്സ് ആന്റ് ഡിസ്റ്റിലേഴ്സ് ലിമിറ്റഡ്. ഇന്ത്യയിലുടനീളം വിൽപ്പനയും വിതരണവുമുള്ള നാലു വലിയ മദ്യകമ്പനികളിലൊന്നുമാണ്. 1988ൽ പ്രവർത്തനമാരംഭിച്ച കമ്പനി ഇന്ന് 16 പ്രധാന ബ്രാൻഡുകളിലായി വൈവിധ്യമാർന്ന മദ്യ ഉൽപ്പന്നങ്ങളാണ് വിപണിയിലിറക്കുന്നത്. രാജ്യത്തുടനീളം 30 സംസ്ഥാനങ്ങളിലും കേന്ദ്രഭരണ പ്രദേശങ്ങളിലുമായി 79,329 ചില്ലറ വിൽപ്പന കേന്ദ്രങ്ങളും കമ്പനിക്കുണ്ട്.

# പേടിഎമ്മുമായി കൈകോർത്ത് സാംസങ്

**കൊച്ചി:** സാംസങ് പേടിഎമിന്റെ ഉടമസ്ഥതയിലുള്ള വൺ97 കമ്മ്യൂണിക്കേഷൻസ് ലിമിറ്റഡിന്റെ പങ്കാളിത്തത്തോടെ സാംസങ് വാലറ്റിൽ ഫ്ളൈറ്റ്, ബസ്, സിനിമകൾ, ഇവന്റുകൾ തുടങ്ങിയവയുടെ ടിക്കറ്റ് ബുക്കിംഗ് ആരംഭിച്ചു. സാംസങ് വാലറ്റിലൂടെ പേടിഎം വഴി വിപുലമായ സേവനങ്ങളിലേക്കുള്ള പ്രവേശനം സുഗമമാക്കി നേരിട്ട് തടസ്സങ്ങളില്ലാത്തതും സംയോജിതവുമായ ബുക്കിംഗ് അനുഭവം നൽകിക്കൊണ്ട് ഉപഭോക്താക്കളുടെ സൗകര്യം വർദ്ധിപ്പിക്കുകയാണ് ഈ പങ്കാളിത്തം ലക്ഷ്യമിടുന്നത്. ഈ പങ്കാളിത്തത്തോടെ, ഗാലക്സി സ്മാർട്ട്ഫോൺ ഉപയോക്താക്കൾക്ക് സാംസങ് വാലറ്റിൽ പരിധിയില്ലാതെ പേടിഎമ്മിന്റെ ഫ്ലൈറ്റുകളും ബസ് ബുക്കിംഗുകളും സിനിമാ ടിക്കറ്റ് വാങ്ങലും ഇവന്റ് ബുക്കിംഗുകളും ഉൾപ്പെടെയുള്ള സേവനങ്ങൾ സാധ്യമാകുമെന്ന് സാംസങ് ഇന്ത്യ എംഎക്സ് ബിസിനസ് സീനിയർ ഡയറക്ടർ മാധുർ ചതുർവേദി പറഞ്ഞു.ഫ്ളൈറ്റ്, ബസ്, മൂവി ബുക്കിംഗുകൾക്കായി പേടിഎം ആപ്പും ഇവന്റ് ബുക്കിംഗുകൾക്ക് പേടിഎം ഇൻസൈഡർ ആപ്പും ഉപയോഗിക്കുന്ന ഗാലക്സി സ്മാർട്ട്ഫോൺ ഉപയോക്താക്കൾക്ക് 'ആഡ് ടു സാംസങ് വാലറ്റ്' ഫംഗ്ഷണാലിറ്റി ഉപയോഗിച്ച് സാംസങ് വാലറ്റിലേക്ക് അവരുടെ ടിക്കറ്റുകൾ നേരിട്ട് ചേർക്കാൻ കഴിയും. വിമാനത്താവളങ്ങൾ, ഇവന്റ് വേദികൾ മുതലായവയിലേക്ക് സൗകര്യപ്രദമായി പ്രവേശിക്കാൻ ഇത് വഴി ഉപഭോക്താക്കൾക്ക് സാധ്യമാക്കും. സാംസങ് ഇന്ത്യയും പേടിഎമ്മും പുതുതായി സമാരംഭിച്ച സേവനങ്ങളിലുടനീളം ആദ്യ ബുക്കിംഗിൽ 1150 രൂപ വരെ ഡിസ്കൗണ്ട് ഓഫറുകൾ ഉടൻ അവതരിപ്പിക്കും.




പേടിഎമ്മുമായി സഹകരിച്ച് സാംസങ് വാലറ്റിൽ പുതിയ ഫീച്ചറുകൾ അവതരിപ്പിക്കുന്നതിൽ ഞങ്ങൾ സന്തുഷ്ടരാണെന്നും മാധുർ ചതുർവേദി പറഞ്ഞു.



സൊസൈറ്റി ടുഡേ
SOCIETY TODAY



# ബി.എസ്.എൻ.എൽ പുനരുജ്ജീവിപ്പിക്കുന്നു; ആസ്തികൾ വിൽപ്പനയ്ക്ക്

**കൊച്ചി:** ബിഎസ്എൻഎൽ, എം.ടി.എൻ.എൽ എന്നീ സ്ഥാപനങ്ങൾ പുനരുജ്ജീവിപ്പിക്കുന്നതിന്റെ ഭാഗമായി ബിഎസ്എൻഎല്ലിന്റെ ഉടമസ്ഥതയിലുള്ള ഭൂമികളും കെട്ടിട ആസ്തികളും വിൽപ്പന നടത്തി ധനസമ്പാദനം നടത്തുന്നതിനുള്ള നയം ടെലികോം വകുപ്പ് അംഗീകരിച്ചതായി് ബി.എസ്.എൻ.എൽ എറണാകുളം ബിസിനസ് ഏരിയ പ്രിൻസിപ്പൽ ജനറൽ മാനേജർ വി. സുരേന്ദ്രൻ വാർത്താ സമ്മേളനത്തിൽ അറിയിച്ചു.

പരമാവധി ആസ്തി വിനിയോഗത്തിലൂടെ സാമ്പത്തിക സ്ഥിരത കൈവരിക്കുകയെന്ന തന്ത്രപരമായ ആവശ്യം പരിഹരിക്കുന്നതിനുള്ള നയമാണ് ബിഎസ്എൻഎൽ കോർപ്പറേറ്റ് ഓഫീസ് രൂപകൽപ്പന ചെയ്തിരിക്കുന്നത്.സാങ്കേതിക നവീകരണവും 2020 ലെ ജീവനക്കാരുടെ സ്വയം വിരമിക്കലും കാരണം ഇന്ത്യയിലുടനീളം അധിക ഭൂമിയും കെട്ടിടങ്ങളിലെ സ്ഥല ലഭ്യതയും ഉണ്ടായിട്ടുണ്ട്. അങ്ങനെ ഉപയോഗിക്കാത്തതോ മിച്ചമുള്ളതോ ആയ ഭൂമി ആസ്തികൾ സ്ഥാപനത്തിന്റെ ധനസമ്പാദന ആവശ്യത്തിനായി വിൽക്കുന്നതിനാണ് ബിഎസ്എൻഎൽ ലക്ഷ്യമിടുന്നത്.

ബി.എസ്.എൻ.എൽ കേരള സർക്കിൾ ഇരുപത്തിനാല് മിച്ചഭൂമി പാഴ്സലുകൾ ആണ് ഇങ്ങനെ കണ്ടെത്തിയിരിക്കുന്നത്. ആദ്യ ഘട്ടത്തിൽ ഒഴിഞ്ഞുകിടക്കുന്ന രണ്ടു ഭൂമികളാണ് ഇടെൻഡർ വഴിയും തുടർന്ന് എംഎസ്ടിസി വഴി ഇലേലത്തിലൂടെയും വിൽക്കാനുള്ള നടപടികൾ കേരള സർക്കിളിൽ ആരംഭിച്ചിരിക്കുന്നത്.

മത്സരാധിഷ്ഠിത ലേല പ്രക്രിയയിലൂടെയാണ് വിൽപ്പന. അതിൽ ഒന്നു എറണാകുളം ബിസിനസ് മേഖലയിൽ ആലുവ ചൂണ്ടി ടെലിഫോൺ എക്സ്ചേഞ്ചിലാണ്. 16.74 കോടി കരുതൽ വിലയുള്ള 9000 ചതുരശ്ര മീറ്റർ വിസ്തീർണ്ണമാണ് വിൽപ്പനക്കുള്ളത്. വിശദാംശങ്ങൾ https://www.mstcecommerce.com എന്ന പോർട്ടലിൽ ലഭ്യമാകുമെന്നും വി. സുരേന്ദ്രൻ അറിയിച്ചു.

ലേല ടെൻഡർ സമർപ്പിക്കാനുള്ള അവസാന തീയതി ജൂലൈ ഒന്നിന് ഉച്ചക്ക് മൂന്നു മണിയാണ്. ഡെപ്യൂട്ടി ജനറൽ മാനേജർമാരായ ലത കെ, അനിത കെ എന്നിവരും ബിഎസ്എൻഎൽ കേരള സർക്കിൾ ചീഫ് ജനറൽ മാനേജർ സജികുമാർ ആർ, സീനിയർ ജനറൽ മാനേജർ സതീഷ് ആർ എന്നിവർ ഓൺലൈനായും പത്രസമ്മേളനത്തിൽ പങ്കെടുത്തു.

# അത്യാധുനിക ഐ ക്യൂ എഫ് ടണൽ ഫ്രീസർ ഉദ്ഘാടനം ചെയ്തു

**കൊച്ചി:** രാജ്യത്തിൻറെ സമുദ്രോത്പന്ന കയറ്റുമതിയെ ഉയർത്താൻ പ്രകൃതിദത്ത റഫ്രിജറന്റുകളിൽ ഒന്നായ കാർബൺ ഡൈ ഓക്സൈഡ് റഫ്രിജറന്റുകൾ ഉപയോഗിച്ചുള്ള അത്യാധുനിക ഐ ക്യൂ എഫ് ടണൽ ഫ്രീസർ കൊച്ചിയിലെ ബെൽഫുഡ്സ് പ്രൈവറ്റ് ലിമിറ്റഡിൽ 2024 ജൂൺ 20ന് ഉദ്ഘാടനം ചെയ്തു.ഐ സി എ ആർ സിഫ്ട്, എൻ ടി എൻ യു, നോർവേ, വിദേശകാര്യ മന്ത്രാലയം എന്നിവരുടെ സഹകരണത്തോടെ 'ഫ്യൂച്ചർ റഫ്രിജറേഷൻ ഇന്ത്യ: ഇൻഡീ+ ' പദ്ധതിക്ക് കീഴിലാണ് പ്രകൃതിദത്ത റഫ്രിജറന്റുകളിൽ ഒന്നായ കാർബൺ ഡൈ ഓക്സൈഡ് പ്രവർത്തിപ്പിച്ച് റഫ്രിജറേഷൻ സാങ്കേതികവിദ്യ വികസിപ്പിച്ചെടുത്തിരിക്കുന്നത്. വളരെ കാര്യക്ഷമവും പരിസ്ഥിതി സൗഹൃദവുമായ ഈ കാർബൺ ഡൈ ഓക്സൈഡ് കാസ്കേഡ് റഫ്രിജറേഷൻ സിസ്റ്റം ഉപയോഗിച്ച് മത്സ്യഉത്പന്നങ്ങളെ 43 ഥ സെൽഷ്യസിൽ തണുപ്പിക്കാൻ കഴിയും.

കൊച്ചിയിലെ സി എഫ് ടെക് പ്രൈവറ്റ് ലിമിറ്റഡാണ് സമാരംഭിച്ച കാർബൺ ഡൈ ഓക്സൈഡ് കാസ്കേഡ് ഐ ക്യൂ എഫ് ഫ്രീസർ യൂണിറ്റ് നിർമിച്ച് നൽകിയിരിക്കുന്നത്.

യു സി ഒ ബാങ്ക്, എറണാകുളം സോണൽ മാനേജർ ശ്രീ. അജിത്ത്, ബ്രാഞ്ച് മാനേജർ ശ്രീ. പ്രവീൺ എന്നിവർ ചേർന്ന് കാർബൺ ഡൈ ഓക്സൈഡ് റഫ്രിജറന്റ് ഉപയോഗിച്ചുള്ള ഐ ക്യൂ എഫ് ടണൽ ഫ്രീസർ ഉദ്ഘാടനം ചെയ്തു.

സിഐഎഫ്ടി പ്രോജക്ട് സ്റ്റാഫുകൾ ശ്രീ വിജു പുതുശ്ശേരിൽ, ഡോ ഷെറിമോൻ എന്നിവർ ചടങ്ങിൽ പങ്കെടുത്തു. ആഗോളതാപന സാധ്യതയുള്ള വാതകങ്ങൾ ഉപയോഗിക്കുന്നതിൽ നിന്ന് കാലാവസ്ഥാ വ്യതിയാനത്തെ ചെറുക്കാൻ ഇത്തരം സാങ്കേതികവിദ്യയുടെ സാധിക്കുന്നു.

# 1465 കോടി രൂപ ബോണസ് നൽകുമെന്ന് ടാറ്റാ എഐഎ

**കൊച്ചി:** മുൻനിര ലൈഫ് ഇൻഷൂറൻസ് സ്ഥാപനങ്ങളിലൊന്നായ ടാറ്റാ എഐഎ ലൈഫ് ഇൻഷൂറൻസ് 2024 സാമ്പത്തിക വർഷത്തിൽ പങ്കാളിത്ത പോളിസി ഉടമകൾക്കായി 1465 കോടി രൂപയുടെ ബോണസ് പ്രഖ്യാപിച്ചു. കമ്പനി ഇതുവരെ പ്രഖ്യാപിച്ചിട്ടുള്ളതിൽ ഏറ്റവും വലിയ ബോണസ് തുകയാണിത്. 2023 സാമ്പത്തിക വർഷത്തെ അപേക്ഷിച്ച് 24 ശതമാനം വർധനവുണ്ട് ബോണസ് തുകയിൽ. പങ്കാളിത്ത പോളിസികളിൽ മികച്ച ബോണസ് നൽകുന്ന മറ്റൊരു വർഷം കൂടിയാണിതെന്നത് തങ്ങൾക്കേറെ ആഹ്ളാദം നൽകുന്നതായി ടാറ്റാ എഐഎ എക്സിക്യൂട്ടീവ് വൈസ് പ്രസിഡൻറും അപ്പോയിൻറഡ് ആക്ച്ചറിയുമായ ക്ഷിതിജ് ശർമ പറഞ്ഞു. ബോണസ് പ്രഖ്യാപനത്തിലെ ടാറ്റാ എഐഎയുടെ റെക്കോർഡ് പോളിസി ഉടമകൾ തങ്ങളിൽ അർപ്പിച്ചിരിക്കുന്ന വിശ്വാസത്തിനു പകരമായി നേട്ടങ്ങൾ നൽകുന്നതിനെ സൂചിപ്പിക്കുകയാണെന്നും അദ്ദേഹം പറഞ്ഞു.സുസ്ഥിരമായതും ദീർഘകാല വരുമാനവും നഷ്ടസാധ്യതകളും സന്തുലനം ചെയ്തുള്ളതുമായ സ്റ്റോക് തെരഞ്ഞെടുക്കൽ തന്ത്രം വഴി പോളിസി ഉടമകളോട് അചഞ്ചലമായ പ്രതിബദ്ധത പ്രകടിപ്പിക്കുന്നതാണ് ടാറ്റാ എഐഎയുടെ നിക്ഷേപ തത്വം. കൃത്യമായി നിർവചിച്ച നിക്ഷേപ ചട്ടക്കൂടാണ് കമ്പനിക്കുള്ളത്. ഉപഭോക്താക്കൾക്ക് തുടർച്ചയായി മൂല്യം പ്രദാനം ചെയ്യുന്ന രീതിയിൽ ദീർഘകാല കാഴ്ചപ്പാടാണ് ഇതിലുള്ളത്. കൈകാര്യം ചെയ്യുന്ന ആകെ ആസ്തികൾ മൂന്നു വർഷത്തിൽ താഴെ കൊണ്ട് ഒരു ലക്ഷം കോടി രൂപയിലത്തിച്ച് ഇരട്ടിയാക്കാനും സാധിച്ചു. ടാറ്റാ എഐഎയുടെ ആകെ കൈകാര്യം ചെയ്യുന്ന നിക്ഷേപങ്ങളുടെ 91 ശതമാനവും അഞ്ചു വർഷ അടിസ്ഥാനത്തിൽ ഫോർ സ്റ്റാർ അല്ലെങ്കിൽ ഫൈവ് സ്റ്റാർ റേറ്റിങ് ഉള്ളതാണെന്ന് 2024 മാർച്ച് 31ലെ മോണിങ് സ്റ്റാർ റേറ്റിങ്സ് ചൂണ്ടിക്കാട്ടുന്നു. നിക്ഷേപങ്ങളുടെ ഗുണമേൻമയാണിതു സൂചിപ്പിക്കുന്നത്.



# നാസ്രത്തുൽ ഇസ്ലാം എൽ.പി സ്കൂളിന് റഫ്രിജറേറ്റർ നൽകി

**ചിറ്റത്തുകര:** നാസ്രത്തുൽ ഇസ്ലാം എൽ.പി സ്കൂളിന് പ്രമുഖ കമ്പനി നോർഡൻ റഫ്രിജറേറ്റർ കൈമാറി. കമ്പനിയുടെ സിഎസ്ആർ പദ്ധതിയുടെ ഭാഗമായാണ് റഫ്രിജറേറ്റർ നൽകിയത്. പദ്ധതിയുടെ ഉദ്ഘാടനം നോർഡന്റെ ഗ്ലോബൽ മാർക്കറ്റിങ് മേധാവി മൈക്ക് ലൂയിസ് നിൽവഹിച്ചു. ഇൻഫോപാർക്ക് സബ് ഇൻസ്പെക്ടർ ശ്രീജിത്ത് ഭദ്രൻ അധ്യക്ഷത വഹിച്ചു.സ്കൂൾ അധ്യാപകരായ ഷാഹൽ, ശശിധരൻ കല്ലേരി, നോർഡൻ ചീഫ് ഫിനാൻഷ്യൽ ഓഫീസർ വിജയ്, സി.ഒ.ഒ ശാബിൽ കെ.എ എന്നിവർ പങ്കെടുത്തു.

# ഏയ്ഞ്ചൽ നിക്ഷേപം കരസ്ഥമാക്കി എഡ്യുപോർട്ട്

**കൊച്ചി:** ഇന്ത്യയിൽ അതിവേഗം വളരുന്ന എഡ്ടെക് സ്റ്റാർട്ടപ്പുകളിലൊന്നായ എഡ്യൂപോർട്ടിൽ വിദ്യാഭ്യാസ സംരഭകനും എയ്ഞ്ചൽ നിക്ഷേപകനുമായ ഡോ ടോം എം. ജോസഫ് നിക്ഷേപം നടത്തി. യൂറോപ്പ് ആസ്ഥാനമായുള്ള വെർസോ ക്യാപിറ്റലാണ് കോഴിക്കോട് ആസ്ഥാനമായ എഡ്യൂപോർട്ടിൽ നിക്ഷേപപം നടത്തിയത്.

ഈ പുതിയ പങ്കാളിത്തത്തിൽ ഏറെ സന്തോമുണ്ടെന്ന് എഡ്യൂപോർട്ട് സിഇഒ അക്ഷയ് മുരളീധരൻ പറഞ്ഞു.വിവിധ പ്രദേശങ്ങളിലായി വ്യാപിച്ചുകൊണ്ടിരിക്കുന്ന തങ്ങളുടെ വിദ്യാർഥി അടിത്തറയ്ക്ക് സഹായകമായ വിധത്തിൽ തങ്ങളുടെ ടെക് പശ്ചാത്തലസൗകര്യം മെച്ചപ്പെടുത്താനും ഇംഗ്ലിഷിതര ഭാഷ സംസാരിക്കുന്ന വിദ്യാർഥികൾ നേരിടുന്ന വെല്ലുവിളി മറികടക്കുന്നതിനായി വിവിധ ഭാഷകളിൽ കാണ്ടന്റുകൾ വികസിപ്പിക്കുന്നതിനുമായിരിക്കും ഈ തുക വിനിയോഗിക്കുകയെന്ന് എഡ്യുപോർട്ട് അധികൃതർ അറിയിച്ചു.




# അന്താരാഷ്ട്ര യോഗ ദിനം ആചരിച്ചു

**കൊച്ചി:** സ്പൈസസ് ബോർഡിന്റെ കൊച്ചിയിലെ ആസ്ഥാന മന്ദിരത്തിൽ അന്താരാഷ്ട്ര യോഗ ദിനാചരണം സംഘടിപ്പിച്ചു. ജൂതംബര യോഗ ഇന്റർനാഷണലിന്റെ സഹ സ്ഥാപകനും യോഗ പരിശീലകനുമായ വിനീഷ് കമ്മത്ത് ക്ലാസിന് നേതൃത്വം നൽകി. രാജ്യത്തെ 83 ഓളം സ്പൈസസ് ബോർഡ് ഓഫിസുകളിൽ നിന്ന് നിരവധി ജീവനക്കാർ നേരിട്ടും ഓൺലൈൻ ആയും ക്ലാസ്സിൽ പങ്കെടുത്തു. തുടർന്ന്, നിത്യജീവിതത്തിൽ യോഗ പരിശീലിക്കേണ്ടതിന്റെ പ്രാധാന്യത്തെക്കുറിച്ച് ചർച്ചകൾ സംഘടിപ്പിച്ചു. സ്പൈസസ് ബോർഡ് ഡയറക്ടറായ ധർമേന്ദ്ര ദാസ് അധ്യക്ഷത വഹിച്ച ചടങ്ങിൽ ഡയറക്ടർ ജിജേഷ് ടി ദാസ്, ഡെപ്യൂട്ടി ഡയറക്ടർ ടി.പി പ്രത്യുഷ് എന്നിവർ സംസാരിച്ചു.

# ഉയർന്ന നികുതി ഇന്ത്യയിലെ ഓൺലൈൻ സ്കിൽ ഗെയിമിങ് മേഖലയെ ബാധിച്ചു

**കൊച്ചി:** ഓൺലൈൻ സ്കിൽ ഗെയിമിങ് രംഗത്ത് ഡെപോസിറ്റുകൾക്ക് 28 ശതമാനം ലെവി ചുമത്തുന്ന ജിഎസ്ടി ഭേദഗതികളെ തുടർന്ന് ഫണ്ടിങ് ഉൾപ്പെടെയുള്ള രംഗങ്ങളിൽ പ്രതികൂല പ്രതിഫലനങ്ങൾ ഉണ്ടായതായി ഇൻവൈ, യുഎസ്ഇന്ത്യ സ്ട്രാറ്റജിക് പാർട്ണർഷിപ്പ് ഫോറം (യുഎസ്ഐഎസ്പിഎഫ്) എന്നിവരുടെ സംയുക്ത റിപ്പോർട്ട് ചൂണ്ടിക്കാട്ടുന്നു.

പുതുതായി വളർന്നു വരുന്ന ഈ മേഖലയിലെ കമ്പനികളുടെ വളർച്ചാ സാധ്യതകൾ കുറയുകയും ഫണ്ട് ലഭ്യത കുറയുകയും തൊഴിൽ നഷ്ടങ്ങൾ അനുഭവപ്പെടുകയും അനിശ്ചിതത്വം വർധിക്കുകയും ചെയ്തതായാണ് റിപ്പോർട്ട് ചൂണ്ടിക്കാട്ടുന്നത്.കാഷ്വൽ ഗെയിമുകൾ പോലുള്ള റിയൽ ടൈം ഗെയിമിങ് ഫോർമാറ്റുകൾക്കാണ് ഏറ്റവും വലിയ ആഘാതം. ആഭ്യന്തര, ആഗോള നിക്ഷേപകരിൽ നിന്നായി 2.6 ബില്യൺ ഡോളർ നിക്ഷേപം ആകർഷിച്ച ഈ മേഖല 2023 ഒക്ടോബറിനു ശേഷം ഫണ്ടിങ് കാര്യക്ഷമമല്ലാത്ത സ്ഥിതിയിലാണ്.പുതിയ ജിഎസ്ടി രീതികൾ വന്നതിനു ശേഷം ചില ആഗോള നിക്ഷേപകർ പൂർണമായും പിൻവാങ്ങിയിരിക്കുകയാണ്. 2023 ഒക്ടോബറിനു ശേഷം 33 ശതമാനം കമ്പനികളുടെ 50100 ശതമാനം വരുമാനവും ജിഎസ്ടിക്കു വേണ്ടി ഉപയോഗിക്കപ്പെടുകയാണ്. ഇത് നഷ്ടത്തിൽ പ്രവർത്തിക്കാൻ അവയെ നിർബന്ധിതരാക്കുന്നു.



# യോഗ ദിനാചരണം നടത്തി

**കോലഞ്ചേരി:**കോലഞ്ചേരി പ്രസ്ക്ലബ്ബിന്റെ സഹകരണത്തോടെ കോലഞ്ചേരി സെയ്ന്റ് പീറ്റേഴ്സ് കോളേജ് ഇൻഡോർ സ്റ്റേഡിയത്തിൽ യോഗ ദിനാചരണം നടത്തി.

കോലഞ്ചേരി സെയ്ന്റ് പീറ്റേഴ്സ് കോളേജ്, സെയ്ന്റ് പീറ്റേഴ്സ് ഹൈസ്കൂൾ എന്നിവിടങ്ങളിലെ എൻ.സി.സി.കേഡറ്റുകളും, വെണ്ണിക്കുളം ഫെയ്ത്ത് ഇന്ത്യയിലെ കുട്ടികൾ, പഴന്തോട്ടം നവജീവൻ യോഗാ കേന്ദ്രത്തിലെ പഠിതാക്കൾ അടക്കം 180 പേർ പങ്കെടുത്തു.ഒരേ സമയം യോഗ പ്രദർശനവും പുതിയ യോഗ രീതികളുടെ പഠനവും നടത്തി. പ്രസ്ക്ലബ്ബ് പ്രസിഡന്റ് പ്രദീപ് എബ്രഹാമിന്റെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ കോളേജ് പ്രിൻസിപ്പൽ ഡോ. ബിനുജ ജോസഫ് ദിനാചരണം ഉദ്ഘാടനം ചെയ്തു. യോഗാചാര്യൻ ടി.എം. വർഗീസ് യോഗാദിന സന്ദേശം നൽകി. സ്കൂൾ ഹെഡ്മിസ്ട്രസ് ജെയ്മോൾ വി. ചാക്കപ്പൻ, എൻ.സി.സി. ഓഫീസർമാരായ ജിൻ അലക്സാണ്ടർ, രഞ്ജിത് പോൾ, നവജീവൻ യോഗാ കേന്ദ്ര അംഗം പി.എം. ജോർജ്, എം.വി. ശശിധരൻ, എന്നിവർ പ്രസംഗിച്ചു. പ്രസ്സ് ക്ലബ്ബ് അംഗങ്ങളായ റ്റി. റ്റി. പൗലോസ്, സനൂപ് കുട്ടൻ, അജേഷ് സി.എസ്. മാത്യു കിങ്ങിണിമറ്റം തുടങ്ങിയവർ പങ്കെടുത്തു.

# അപേക്ഷ ക്ഷണിച്ചു

**തിരുവനന്തപുരം:** സംസ്ഥാന ഭക്ഷ്യ കമ്മീഷൻ അംഗങ്ങളുടെ നിയമനത്തിനായുള്ള വിജ്ഞാപനം പ്രസിദ്ധീകരിച്ചു. നിലവിൽ നാല് ഒഴിവാണുള്ളത്. പരമാവധി അഞ്ച് വർഷത്തേക്കോ 65 വയസ് പൂർത്തിയാകുന്നതോ വരെയായിരിക്കും നിയമനം. സംസ്ഥാന സർക്കാർ നിയോഗിക്കുന്ന സെലക്ഷൻ കമ്മിറ്റിയായിരിക്കും അംഗങ്ങളെ തെരഞ്ഞെടുക്കുന്നത്.

ഭക്ഷ്യസുരക്ഷ, നയരൂപീകരണം, ഭരണനിർവഹണം എന്നിവയുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ അറിവും പരിചയവുമുള്ള അഖിലേന്ത്യാ സിവിൽ സർവീസിൽ സേവനമനുഷ്ഠിക്കുന്നവർക്കും കേന്ദ്ര ഗവൺമെന്റിന്റെയോ സംസ്ഥാന ഗവൺമെന്റിന്റെയോ സിവിൽ സർവീസ് പദവി വഹിക്കുന്നവർക്കും കൃഷി, പൊതുവിതരണം, പോഷകാഹാരം, ആരോഗ്യം, നയരൂപീകരണം അല്ലെങ്കിൽ ഏതെങ്കിലും അനുബന്ധ മേഖലയിൽ പരിചയമുള്ളവർക്കും അപേക്ഷിക്കാം.അതല്ലെങ്കിൽ കൃഷി, നിയമം, മനുഷ്യാവകാശങ്ങൾ, സാമൂഹിക സേവനം, മാനേജ്മെന്റ്, പോഷകാഹാരം, ആരോഗ്യം, ഭക്ഷ്യ നയം അല്ലെങ്കിൽ പൊതു ഭരണം എന്നിവയിൽ വിപുലമായ അറിവും അനുഭവപരിചയവുമുള്ള പൊതുജീവിതത്തിൽ പ്രഗത്ഭരായ വ്യക്തികൾക്കും അപേക്ഷിക്കാവുന്നതാണ്.

അപേക്ഷയും ബയോഡേറ്റയും സെക്രട്ടറി, ഭക്ഷ്യ പൊതുവിതരണ വകുപ്പ് ഗവ സെക്രട്ടറിയേറ്റ്, തിരുവനന്തപുരം എന്ന വിലാസത്തിലോ secy.food @kerala.gov.in എന്ന ഇമെയിലിലേക്കോ വിജ്ഞാപനം പ്രസിദ്ധീകരിച്ച തീയതി മുതൽ 15 ദിവസത്തിനുള്ളിൽ അയക്കേണ്ടതാണ്.

# കേരളത്തിൽ റബർകൃഷി പിന്നോട്ട്; വടക്കുകിഴക്കൻ സംസ്ഥാനങ്ങളിൽ കുതിപ്പ്

**കോട്ടയം:** റബർ ഉത്പാദനത്തിൽ കാഞ്ഞിരപ്പള്ളി താലൂക്കിന്റെ പദവിയും മധ്യകേരളത്തിന്റെ പെരുമയുമൊക്കെ വൈകാതെ ഇല്ലാതാകും. കോട്ടയം, ഇടുക്കി, പത്തനംതിട്ട, എറണാകുളം ജില്ലകളിൽ റബർകൃഷി കുറയുന്നു. വടക്കൻ കേരളത്തിലും തിരുവനന്തപുരം ജില്ലയിലും കൃഷി വിസ്തൃതിയിൽ നേരിയ വർധനയുണ്ട്. സംസ്ഥാനത്തെ ആകെ കൃഷിഭൂമിയിൽ 22 ശതമാനമായിരുന്ന റബർ ഇക്കഴിഞ്ഞ മൂന്നു വർഷത്തിനുള്ളിൽ 19 ശതമാനത്തിലേക്ക് കൂപ്പുകുത്തി.

കേരളത്തിൽ അഞ്ചര ലക്ഷം ഹെക്ടറിലേക്കുവരെ വിസ്തൃതമായ റബർകൃഷി ഓരോ വർഷവും പിന്നോട്ടടിക്കുകയാണ്. ഇന്ത്യയിലെ റബർകൃഷിയുടെ 66 ശതമാനവും ഉത്പാദനത്തിന്റെ 71 ശതമാനവും കേരളത്തിലാണെന്ന ഖ്യാതിയും നഷ്ടമാവുകയാണ്. ആകെ കൃഷിയുടെ 60 ശതമാനത്തിലേക്കും ഉത്പാദനത്തിൽ 65 ശതമാനത്തിലേക്കും കേരളവിഹിതം കുറഞ്ഞിരിക്കുന്നു. വിലയിടിവ്, ഉത്പാദനച്ചെലവ്, തൊഴിലാളിക്ഷാമം, കാലാവസ്ഥാവ്യതിയാനം, ഉത്പാദനം കുറവുള്ള റബർ ഇനങ്ങളിലേക്കുള്ള മാറ്റം എന്നിവയാണ് കേരളം പിന്നോട്ടടിക്കാൻ കാരണം.

കേരളത്തിൽ ഒരു കിലോ റബറിന് ഉത്പാദനച്ചെലവ് റബർ ബോർഡ് കണക്കാക്കുന്നത് 174 രൂപ. ഉത്പാദനത്തിൽ രണ്ടാം സ്ഥാനത്തുള്ള ത്രിപുരയിൽ 80 രൂപ മാത്രം. ത്രിപുരയിൽ ഒരു കിലോ റബറിന് നൂറു രൂപ വില ലഭിച്ചാലും കൃഷി ലാഭത്തിൽ മുന്നോട്ടുപോകും. അവിടെ കർഷകർ നേരിട്ടാണ് 90 ശതമാനം ചെറുകിട തോട്ടങ്ങളിലും ടാപ്പിംഗ് നടത്തുന്നത്.

വടക്കുകിഴക്കൻ സംസ്ഥാനങ്ങൾ റബർ കൃഷിയിൽ മാത്രമല്ല ഉത്പാ



ദനത്തിലും കേരളത്തെ വൈകാതെ പിന്നിലാക്കുമെന്ന് റബർ ബോർഡിന്റെ കണക്കുകൾ വ്യക്തമാക്കുന്നു.

2021 22ൽ ഇന്ത്യയിലെ സ്വാഭാവിക റബറിന്റെ ഉത്പാദനം 7.75 ലക്ഷം ടണ്ണും ഉപയോഗം 12.38 ടണ്ണുമാണ്. മുൻ വർഷത്തെക്കാൾ ഉത്പാദനത്തിൽ എട്ട് ശതമാനവും ഉപയോഗത്തിൽ 13 ശതമാനവും വർധനയുണ്ട്. വടക്കുകിഴക്കൻ സംസ്ഥാനങ്ങളുടെ ഉത്പാദനക്കുതിപ്പിന്റെ പിൻബലത്തിൽ 202223ൽ ദേശീയ ഉത്പാദനം 8,39,000 ടണ്ണും ഉപയോഗം 13.50 ലക്ഷം ടണ്ണുമാണ്. അതേസമയം 10 വർഷത്തിനിടയിൽ കേരളത്തിലെ വാർഷിക ഉത്പാദനത്തിൽ ഒരു ലക്ഷം ടണ്ണിന്റെ കുറവുണ്ടായതാണ് കണക്ക്.

2013ൽ ഒരു ഹെക്ടറിൽ ശരാശരി 1629 കിലോ റബർ ഉത്പാദിപ്പിച്ചിരുന്നെങ്കിൽ 2023ൽ 1482 കിലോയിലേക്കു കുറഞ്ഞു. 2011ൽ ഉത്പാദനക്ഷമത 1813 കിലോ വരെ ഉയർന്നതാണ്. വില കുറഞ്ഞതും പരിപാലനം ചുരുക്കിയതും ടാപ്പിംഗ് നടത്താൻ താത്പര്യപ്പെടാത്തതുമാണ് ഉത്പാദനം കുറയാനുള്ള പ്രധാന കാരണങ്ങൾ. കേരളത്തിലെ കർഷകർക്കും ടാപ്പിംഗ് തൊഴിലാളികൾക്കും റബർ ബോർഡ് നൽകിയിരുന്ന പല ആനുകൂല്യങ്ങളും പിൻവലിക്കുകയും ചെയ്തു.

റബർ ബോർഡും ടയർ വ്യവസായ സംഘടന ആത്മയും കേന്ദ്രവാണിജ്യമന്ത്രാലയവും ചേർന്ന് അടുത്ത പത്ത് വർഷത്തിനുള്ളിൽ വടക്കുകിഴക്കൻ സംസ്ഥാനങ്ങളിലെ റബർ വിസ്തൃതി ഇപ്പോഴുള്ള രണ്ടേകാൽ ലക്ഷം ഹെക്ടറിൽനിന്നും അഞ്ചര ലക്ഷം ഹെക്ടറായി വർധിപ്പിക്കാൻ റബർമിത്രം എന്ന പേരിൽ സഹായപദ്ധതി നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. ആറായിരം കോടി രൂപയാണ് ഇതിന് ചെലവഴിക്കുന്നത്.

ഇങ്ങനെയെങ്കിൽ 2026ൽ ഉത്പാദനത്തിൽ കേരളത്തിന്റെ ഒന്നാം സ്ഥാനം നഷ്ടമാകും. ഇതേസമയം രണ്ടാം സ്ഥാനത്തുള്ള ത്രിപുരയുടെ വിഹിതം ഒരു ശതമാനം ഉയർന്ന് പത്തു ശതമാനത്തിലെത്തി. 54,000 ടണ്ണാണ് നിലവിൽ ത്രിപുരയിലെ വാർഷിക ഉത്പാദനം.

# കത്തിക്കയറി ഉണക്കമീൻ വില; നട്ടംതിരിഞ്ഞ് ജനങ്ങൾ

**തൃശൂർ:** പച്ചക്കറി, പലചരക്ക്, മീൻ എന്നിവയുടെ വിലവർധനവിനുപുറമെ ഉണക്കമീനിനും പൊള്ളുന്ന വില. മുൻപ് ഉണ്ടായിരുന്നതിനെക്കാൾ രണ്ടും മൂന്നും ഇരട്ടിയാണു വിപണിയിൽ ഇപ്പോൾ ഉണക്കമീനിനുള്ളത്. ട്രോളിംഗ് നിരോധനം ഏർപ്പെടുത്തിയതും മറ്റിടങ്ങളിൽ കടലിൽപോകുന്ന ബോട്ടുകൾക്കു മീനുകളെ കിട്ടാനില്ലാത്തതുമാണു സംസ്ഥാനത്തു വില ഉയരാനിടയാക്കിയത്.

പച്ചമീനിനു വില വർധിച്ചപ്പോഴും ഉണക്കമീനുണ്ടല്ലോ എന്നാശ്വസിച്ചിരിക്കുന്നവർക്കാണ് ഉണക്കമീനിന്റെ പുതിയവില ഞെട്ടൽ ഉണ്ടാക്കുന്നത്. വിപണിയിലെ തട്ടുകളിൽ സ്ഥിരം ഇടംപിടിച്ചിരുന്ന ഉണക്ക അയല, ചാള, മാന്തൾ എന്നിവ മഷിയിട്ടു നോക്കിയിട്ടുപോലും കിട്ടാനില്ലെന്നാണു കച്ചവടക്കാർ പറയുന്നത്.

നേരത്തെ 200 രൂപ ഉണ്ടായിരുന്ന



ചാള 300ലേക്കും അയല, മാന്തൾ എന്നിവ 400 രൂപയിലേക്കും ഉയർന്നു. 300 രൂപയുണ്ടായിരുന്ന ചെമ്മീനിനും വില 400ലെത്തി. 200നു താഴെയുള്ള വലിയ മാന്തളിനു വില 300. സ്രാവിനു മാത്രമാണ് വില ഉയരാത്തത്. 400 മുതൽ 500 രൂപ വരെയാണു സ്രാവിന്റെ വില.

വിപണിയിൽ വില ഉയർന്നിട്ടുണ്ടെങ്കിലും പലവക, മുള്ളൻ എന്നിവ മാത്രമാണു സാധാരണക്കാരന്റെ കൈയ്ക്കു ഒതുങ്ങുന്നതായിട്ടുള്ളൂ. പലവക 100 മുതൽ 150 വരെയും (നേരത്തെ 100 രൂപയ്ക്കു താഴെ) മുള്ളൻ 200 (നേരത്തെ 100) രൂപ എന്നിങ്ങനെയാണു നിരക്ക്. ഉണക്കമീൻ തേടി നിരവധിപ്പേർ എത്തുന്നുണ്ടെങ്കിലും അവർക്ക് ആവശ്യമായ മീനുകളില്ലാത്തതിനാൽ പലരും മടങ്ങിപ്പോകുകയാണെന്നും ഉള്ളവയുടെ വില ഉയരുന്നതും കച്ചവടത്തെ ബാധിക്കുന്നതായും ഒരുവിഭാഗം കച്ചവടക്കാർ പറഞ്ഞു.

വില ഉയർന്നാലും ഉണക്കമീൻ മതിയെന്നു പറഞ്ഞ് എത്തുന്നവർ ഉള്ളതുകൊണ്ടാണു കടകൾ അടച്ചിടാത്തതെന്നും തൊഴിലാളികൾക്കു കൊടുക്കുവാനുള്ള കൂലിത്തുകയ്ക്കുള്ള പൈസപോലും കിട്ടാത്ത വിധം കച്ചവടം കുറഞ്ഞുവെന്നും മറുവിഭാഗം കച്ചവടക്കാരും അഭിപ്രായപ്പെട്ടു.

# ചെയിൻ ഫെസ്റ്റും മംഗല്യ ഉത്സവവുമായി ജോയ്ആലുക്കാസ്

**കൊച്ചി:** ഇന്ത്യയിലെ പ്രമുഖ ജ്വല്ലറി ഗ്രൂപ്പായ ജോയ്ആലുക്കാസിന്റെ ചെയിൻ ഫെസ്റ്റിനും മംഗല്യ ഉത്സവത്തിനും തുടക്കമായി. ചെയിൻ ഫെസ്റ്റ് ഓഫറിന്റെ ഭാഗമായി വൈവിധ്യമാർന്ന ചെയിനുകൾക്ക് പണിക്കൂലിയിൽ 5% ഇളവും, മംഗല്യ ഉത്സവം ഓഫറിലൂടെ വിവാഹ ജ്വല്ലറി പർച്ചേസുകൾക്ക് 2.99% ഇളവും ലഭിക്കും. പരിമിത കാലത്തേക്കാണ് ഈ ഓഫർ. കൂടാതെ വിവാഹ ആഭരണങ്ങൾക്കുള്ള മുൻകൂർ ബുക്കിംഗ് സൗകര്യം 90 ദിവസം വരെയും ലഭ്യമാണ്. ഉപഭോക്താക്കൾക്ക് വേണ്ടി മികച്ച ഓഫറുകൾ അവതരിപ്പിക്കുന്നതിൽ സന്തോഷമുണ്ടെന്ന് ജോയ്ആലുക്കാസ് ഗ്രൂപ്പ് ചെയർമാൻ ജോയ് ആലുക്കാസ് പറഞ്ഞു. 'മനോഹരമായ ചെയിനുകളും വിവാഹ ആഭരണങ്ങളും സ്വന്തമാക്കി പ്രിയപ്പെട്ട നിമിഷങ്ങൾ കൂടുതൽ അവിസ്മരണീയമാക്കുക എന്നതാണ് എക്സ്ക്ലൂസീവ് മേക്കിംഗ് ചാർജ് ഓഫറുകളിലൂടെ ഞങ്ങൾ ലക്ഷ്യമിടുന്നത്. ഈ അവസരം പരമാവധി പ്രയോജനപ്പെടുത്തണമെന്നും' അദ്ദേഹം പറഞ്ഞു.പുതിയ ട്രെൻഡുകൾക്കൊപ്പം പാരമ്പര്യ അഭിരുചികളും കോർത്തിണക്കി, മനോഹരവും വൈവിധ്യമാർന്ന ദശലക്ഷത്തിലധികം രൂപകൽപ്പനകളിൽ വിശാലമായ ആഭരണ ശേഖരമാണ് ജോയ്ആലുക്കാസിന്റെ ഷോറൂമുകളിൽ ഉപഭോക്താക്കൾക്കായി ഒരുക്കിയിട്ടുള്ളത്.

Joyalukkas
World's favourite jeweller

# അവാൻസെ ഫിനാൻഷ്യൽ സർവീസസ് ലിമിറ്റഡ് ഐപിഒയ്ക്ക്

**കൊച്ചി:** വിദ്യാഭ്യാസ മേഖല കേന്ദ്രീകരിച്ചുള്ള ഇന്ത്യയിലെ ഏറ്റവും വലിയ രണ്ടാമത്തെ ബാങ്കിങ് ഇതര ധനകാര്യ സ്ഥാപനമായ അവാൻസെ ഫിനാൻഷ്യൽ സർവീസസ് ലിമിറ്റഡ് പ്രാഥമിക ഓഹരി വിൽപനയ്ക്ക് (ഐപിഒ) അനുമതി തേടി സെബിയ്ക്ക് കരടുരേഖ (ഡിആർഎച്ച്പി) സമർപ്പിച്ചു.അഞ്ച് രൂപ മുഖവിലയുള്ള ഇക്വിറ്റി ഓഹരികളുടെ ഐപിഒയിലൂടെ 3500 കോടി രൂപ സമാഹരിക്കാനാണ് കമ്പനി ലക്ഷ്യമിടുന്നത്. 1000 കോടി രൂപയുടെ പുതിയ ഓഹരികളും പ്രമോട്ടർമാരുടെയും നിലവിലുള്ള ഓഹരി ഉടമകളുടെയും 2500 കോടി രൂപയുടെ ഇക്വിറ്റി ഓഹരികളുടെ ഓഫർ ഫോർ സെയിലുമാണ് ഐപിഒയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഓഹരികൾ എൻഎസ്ഇയിലും ബിഎസ്ഇയിലും ലിസ്റ്റ് ചെയ്യും.

കൊട്ടക് മഹീന്ദ്ര ക്യാപിറ്റൽ കമ്പനി ലിമിറ്റഡ്, അവെൻഡസ് ക്യാപിറ്റൽ പ്രൈവറ്റ് ലിമിറ്റഡ്, ജെ.പി. മോർഗൻ ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ്, നോമുറ ഫിനാൻഷ്യൽ അഡ്വൈസറി ആൻഡ് സെക്യൂരിറ്റീസ് (ഇന്ത്യ) പ്രൈവറ്റ് ലിമിറ്റഡ്, നുവാമ വെൽത്ത് മാനേജ്മെൻറ് ലിമിറ്റഡ്, എസ്ബിഐ ക്യാപിറ്റൽ മാർക്കറ്റ്സ് ലിമിറ്റഡ് എന്നിവരാണ് ഐപിഒയുടെ ബുക്ക് റണ്ണിങ് ലീഡ് മാനേജർമാർ.



# പ്രസ് ക്ലബ്ബ് ക്രിക്കറ്റ് ലീഗ് : ലോഗോ പ്രകാശനവും സമ്മാനദാനവും നടത്തി

**കൊച്ചി:** എറണാകുളം പ്രസ് ക്ലബ്ബ് മീഡിയ ഹൗസുകൾക്കായി സംഘടിപ്പിക്കുന്ന വിനോദ് കരിമാട്ട് മെമ്മോറിയൽ ട്രോഫിക്ക് വേണ്ടിയുള്ള പ്രസ് ക്ലബ്ബ് ക്രിക്കറ്റ് ലീഗ് (പിസിഎൽ) പ്രഥമ സീസണിന്റെ ലോഗോ പ്രകാശനം ഹൈബി ഈഡൻ എം.പി നിർവഹിച്ചു. വിനോദ് കരിമാട്ടിന്റെ ഭാര്യ സൗമ്യ ലോഗോ ഏറ്റുവാങ്ങി. ഇന്ത്യൻ ഓയിൽ കോർപറേഷൻ, ജെയിൻ യൂണിവേഴ്സിറ്റി, വിപിഎസ് ലേക്ഷോർ ആശുപത്രി എന്നിവരുടെ സഹകരണത്തോടെ ജൂൺ 23,24 തീയതികളിലായി കലൂർ ഡിഎൻഎ സ്പോർട്സ് ഹബ്ബിലാണ് ടൂർണമെന്റ് അരങ്ങേറുന്നത്. എറണാകുളത്തെ 15 മാധ്യമ സ്ഥാപനങ്ങൾ പങ്കെടുക്കും. പ്രസ് ക്ലബ്ബ് ഹാളിൽ നടന്ന ചടങ്ങിൽ ലോക്സഭ തിരഞ്ഞെടുപ്പ് ഫലപ്രവചന മത്സര വിജയികൾക്കുള്ള സമ്മാനദാനവും ഹൈബി ഈഡൻ എം.പി നിർവഹിച്ചു.

കേരളകൗമുദി ചീഫ് റിപ്പോർട്ടർ പി.എസ് സോമനാഥൻ, ന്യൂസ് മലയാളം 24/7 ചീഫ് ക്യാമാറമാൻ അരുൺ പി.എസ് എന്നിവർ സമ്മാനങ്ങൾ ഏറ്റുവാങ്ങി. പ്രസ് ക്ലബ്ബ് പ്രസിഡന്റ് എം.ആർ ഹരികുമാറിന്റെ അധ്യക്ഷതയിൽ നടന്ന ചടങ്ങിൽ സെക്രട്ടറി എം.സൂഫി മുഹമ്മദ് സ്വാഗതവും, സ്പോർട്സ് ക്ലബ്ബ് കൺവീനർ അഷ്റഫ് തൈവളപ്പ് നന്ദിയും പറഞ്ഞു.

# ക്രിസ്പ്പി ചിക്കൻ ഓഫറുമായി കെ. എഫ്. സി

**കൊച്ചി:** ക്രിസ്പ്പി ചിക്കൻ ഓഫറുംമായി കെ. എഫ്. സി.ജൂൺ 30 വരെ ലഭ്യമായ ഈ പരിമിത സമയ ഓഫർ തിരഞ്ഞെടുത്ത ഉൽപ്പന്നങ്ങളിൽ 40% വരെ ഉപഭോക്താക്കൾക്ക് ലാഭം കിട്ടുമെന്ന് കമ്പനി അധികൃതർ അറിയിച്ചു. ഉപഭോക്താക്കൾക്ക് കെഎഫ്സി യുടെ ഹോട്ട് & ക്രിസ്പി ലെഗ് പീസുകളുടെയും ഹോട്ട് വിംഗ്സിന്റെയും 8 കഷണങ്ങൾ 299 രൂപയിൽ ലഭിക്കും. ഓഫർ കെഎഫ്സി റെസ്റ്റോറന്റിലും കെഎഫ്സി ആപ്പ് വഴി ഡെലിവറി ചെയ്യുന്നതിനും ലഭ്യമാണെന്നും കമ്പനി അധികൃതർ അറിയിച്ചു.

# ഫ്ലീറ്റ് വേഴ്സ് അവതരിപ്പിച്ച് ടാറ്റ മോട്ടോഴ്സ്

**കൊച്ചി:** ഇന്ത്യയിലെ ഏറ്റവും വലിയ വാണിജ്യ വാഹന നിർമ്മാതാക്കളായ ടാറ്റ മോട്ടോഴ്സ്, വാണിജ്യ വാഹനങ്ങളുടെ ഡിജിറ്റൽ വിപണിയായ 'ഫ്ളീറ്റ് വേഴ്സ്' അവതരിപ്പിച്ചു. ഈ നൂതനവും സമഗ്രവുമായ പ്ലാറ്റ്ഫോം ഉപയോഗിച്ച് ഉപഭോക്താക്കൾക്ക് പുതിയ വാഹനങ്ങൾ കണ്ടെത്താനും, കോൺഫിഗറേഷൻ നിർണ്ണയിക്കാനും, വാങ്ങാനും, ഫിനാൻസിംഗ് നേടാനും സാധിക്കും. ഭാവിയിൽ, വാണിജ്യ വാഹനങ്ങളുമായി ബന്ധപ്പെട്ട ഏത് ആവശ്യങ്ങൾക്കും അനുസൃതമായി കൂടുതൽ സേവനങ്ങളും സവിശേഷതകളും ഈ പ്ലാറ്റ്ഫോമിൽ ഉൾപ്പെടുത്താൻ ടാറ്റ മോട്ടോഴ്സ് ലക്ഷ്യമിടുന്നു.അഞ്ച് പ്രധാന സവിശേഷതകളെ ആസ്പദമാക്കി രൂപകൽപ്പന ചെയ്തിരിക്കുന്ന ഫ്ലീറ്റ് വേഴ്സ്, വാണിജ്യ വാഹനങ്ങളുമായി ബന്ധപ്പെട്ട എല്ലാ വശങ്ങളും ഒരൊറ്റ പ്ലാറ്റ്ഫോമിലേക്ക് ഏകീകരിക്കുന്നു. നൂതന സെമാന്റിക് സെർച്ച് ഫീച്ചറുകൾ ഉപയോഗിച്ചുള്ള സ്മാർട്ട് സെർച്ച് വെഹിക്കിൾ ഡിസ്കവറിയിലൂടെ ഉപയോക്താക്കൾക്ക് ടാറ്റ മോട്ടോഴ്സിന്റെ 900ൽ അധികം വരുന്ന മോഡലുകളും മൂവായിരിത്തലധികം ഉള്ള വേരിയന്റുകളും ഉൾക്കൊള്ളുന്ന മുഴുവൻ വാണിജ്യ വാഹന ശ്രേണിയും നോക്കിക്കാണാൻ സാധിക്കും.




RNI No:KERMAL/2018/76135 Society Today Magazine-Special Issue-Private circulation, Kochi-26, 0484-3512288 , Kerala.E-mail-societytodaynews@gmail.com